'ഭരണഭാഷ-മാതൃഭാഷ'

# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ഭരണവിഭാഗം - സർവ്വകലാശാലാജീവനക്കാരുടെ വാഹനങ്ങൾ തിരിച്ചറിയുന്നതിനായി സർവ്വകലാശാല യുടെ എംബ്ലം സ്റ്റിക്കറായി വാഹനങ്ങളിൽ പതിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം ബി-അഞ്ച് സെക്ഷൻ

സ.ഉ.നം. 3939/ബി5/3/2018/ഭ.വി. തീയതി, പി.ഡി.ഹിൽസ്, 09/05/2018

---

പരാമർശം:- സർവ്വകലാശാലാ സെക്യൂരിറ്റി ഓഫീസർ 11.04.2018-ൽ രജിസ്ട്രാർക്ക് നൽകിയ സമർപ്പണം

## ഉത്തരവ്

മേൽ സൂചനപ്രകാരം സർവ്വകലാശാലയിൽ പ്രവർത്തി ദിവസങ്ങളിൽ വാഹനങ്ങളുടെ തിരക്ക് വളരെ കൂടുതലാണെന്നും ജീവനക്കാരുടേയും പുറത്തുനിന്നുള്ളവരുടെയും വാഹനങ്ങൾ തിരിച്ചറിയു വാൻ സെക്യൂരിറ്റി ജീവനക്കാർക്ക് വളരെ ബുദ്ധിമുട്ടാണെന്നും, ഇതുമൂലം സെക്യൂരിറ്റി ജീവനക്കാരുമായി പലപ്പോഴും തർക്കങ്ങൾ ഉണ്ടാകാറുണ്ടെന്നും, ആയതിനാൽ, ജീവനക്കാരുടെ വാഹനങ്ങൾ തിരിച്ചറിയുന്നതിനായി വാഹനങ്ങളിൽ (ടൂവീലർ, ഫോർവീലർ എന്നിവയിൽ) സർവ്വകലാശാലയുടെ എംബ്ലം എം. ജി സർവ്വകലാശാല എന്ന് എഴുതിയത് സ്റ്റിക്കറായി പതിച്ചാൽ ഉചിതമായിരിക്കുമെന്ന് അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ബഹു. വൈസ് ചാൻസലർ താഴെ പറയുംപ്രകാരം ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാലാ ജീവനക്കാരുടെ വാഹനങ്ങളിൽ (ടൂവീലർ, ഫോർവീലർ എന്നിവയിൽ) സ്റ്റിക്കർ പതിപ്പിക്കുന്നതിന്

2. സർവ്വകലാശാലയുടെ എംബ്ലം, എം. ജി സർവ്വകലാശാല എന്ന് അതിന് ചുറ്റും എഴുതിയത് പ്രിന്റ് ചെയ്യു ന്നതിന്

3. സ്റ്റിക്കറിന്റെ വില ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന്

4. സർവ്വകലാശാലയിൽ സ്വന്തം വാഹനങ്ങളുമായി എത്തുന്ന എല്ലാ ജീവനക്കാരും നിർബന്ധമായും എംബ്ലം സ്റ്റിക്കർ പതിപ്പിച്ചിരിക്കണമെന്ന്

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
റോജൻ ജോസ്
എസ്റ്റേറ്റ് ഓഫീസർ
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പി.എസ്
2. പ്രൊ- വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാറുടെ പി.എ
4. ഫിനാൻസ് ഓഫീസറുടെ പി.എ
5. ജോയിന്റ് രജിസ്ട്രാർ I (ഭരണം)
6. എല്ലാ ഡിപ്പാർട്ട്മെന്റുകളും പഠനവകുപ്പുകളും
7. സെക്യൂരിറ്റി വിഭാഗം
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി
9. നോട്ടീസ് ബോർഡ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ